(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി ഫാമുകളിൽ പുതിയ ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

കൃഷി ഫാമുകളിൽ പ്രധാനമായും കൂടുതൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് കൃഷിക്കാരുടെ ആവശ്യങ്ങൾക്കായി വിതരണം ചെയ്തു വരുന്നു. ഇതിനുപുറമേ :

1. ഫാമുകളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ വാഴതൈകൾ, ശീതകാല പച്ചക്കറി ഉൾപ്പെടെ മറ്റ് ഹൈബ്രിഡ് പച്ചക്കറി തൈകൾ മുതലായവ ഉൽപ്പാദിപ്പിച്ച് ന്യായമായ വിലയിൽ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്.

2. ഹൈടെക്ക് കൃഷിരീതി അവലംബിച്ച് ഗ്രീൻ ഹൗസ്, പോളിഹൗസ് എന്നിവയിലൂടെ ഗുണമേന്മയുള്ള പച്ചക്കറി തൈകളും മറ്റും കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്.

3. ഫാമുകളിൽ കൂടി കുറിയ ഇനം തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

ജൈവകൃഷി രീതി നടപ്പിലാക്കുവാൻ ഒട്ടേറെ പദ്ധതികൾ തുടങ്ങിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി ഫാമുകളിൽ കന്നുകാലി വളർത്തൽ യൂണിറ്റുകൾ, പൗൾട്രി യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ മണ്ണിര കമ്പോസ്റ്റ്, മറ്റു ജൈവ വളങ്ങൾ എന്നിവയും ഫാമുകളിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഇവ ആവശ്യാനുസരണം ന്യായമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

കൃഷി വകുപ്പിന്റെ പദ്ധതികൾ

137 (1506) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്നേഹനീയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ലോക പരിസ്ഥിതി ദിനത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയത് ;

(ബി) കാർഷിക മേഖലയിൽ നടത്താൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലോക പരിസ്ഥിതി ദിനത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ പ്രത്യേകമായി പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) കൃഷിവകുപ്പുമുഖേന കാർഷിക മേഖലയിൽ ആധുനിക കാർഷിക സങ്കേതങ്ങൾ പരിചയപ്പെടുത്തുന്നതിനും അത് വ്യാപിപ്പിക്കുന്നതിനുമായി 2012-13 സാമ്പത്തിക വർഷംമുതൽ ഹൈടെക് അഗ്രികൾച്ചർ എന്ന പദ്ധതി നടപ്പാക്കി വരികയാണ്. കൃഷിഭൂമിയുടെ വിസ്തൃതി ഓരോ വർഷവും കുറഞ്ഞുവരുന്ന കേരളം പോലുള്ള സംസ്ഥാനത്ത് കൃഷി ചെയ്യുന്ന സ്ഥലത്തുനിന്നും പരമാവധി ഉൽപ്പാദനം ലഭിക്കുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന് സഹായിക്കുന്ന പോളിഹൗസ് കൃഷിക്ക് പോളിഹൗസ് നിർമ്മിക്കുന്നതിനുള്ള ചെലവിന്റെ 75% (ഒരു ചതുരശ്രമീറ്ററിന് 935 രൂപ ചെലവ് കണക്കാക്കിക്കൊണ്ട്) ധനസഹായമായി നൽകുന്നു. പച്ചക്കറി വിളകൾ, പുഷ്പകൃഷി എന്നിവയാണ് പ്രധാനമായും പോളിഹൗസിൽ കൃഷി ചെയ്യുന്നത്.

2014-15 സാമ്പത്തിക വർഷംമുതൽ പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈടെക്ക് കൃഷി രീതികളായ റെയിൻ ഷെൽട്ടർ (മഴമറ), ഫെർട്ടിഗേഷൻ എന്നീ നൂതന കാർഷിക രീതികൾക്കും ധനസഹായം നൽകി വരുന്നു. സൂക്ഷ്മ ജലസേചനവും ആ ജലത്തിലൂടെ വളപ്രയോഗവും ഒരുമിച്ച് പ്രാവർത്തികമാക്കുന്ന സംവിധാനമാണ് ഫെർട്ടിഗേഷൻ. കൂടാതെ പരീക്ഷണാർത്ഥം പച്ചക്കറികളുടെ ഹൈബ്രിഡ് വിത്തുകൾ കൃഷിചെയ്ത് അതിന്റെ ഉൽപ്പാദനക്ഷമത നാടൻ വിത്തുകളുമായി താരതമ്യ പഠനം നടത്തുന്നതിനും കർഷകരെ നേരിട്ട് ബോധ്യപ്പെടുത്തുന്നതിനുമുള്ള ട്രയൽ രീതിയും നടപ്പിലാക്കിവരുന്നു.

നവീന കൃഷിരീതികൾ

138 (1507) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നവീന കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നവീന കൃഷിരീതികൾ വികസിപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാല പരിപാടികൾ നടപ്പിലാക്കുന്നുണ്ടോ ; വിശദമാക്കുമോ ;